20012
7/11/19

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പ്രളയക്കെടുതിയിൽ പാലക്കാട് ജില്ലയിലെ വീട്ടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.3172/2019 /റവ.** **തിരുവനന്തപുരം, തീയതി, 04.11.2019**

===============================================================

പരാമർശം:- 1. 15.11.2018 തീയതിയിലെ സ.ഉ. (സാധ) നം. 4744/2018/റവ.
2. പാലക്കാട് ജില്ലാ കളക്ടറുടെ 18.10.2019 തീയതിയിലെ DCPKD/5281/2019-J5 നമ്പർ കത്ത്.

**ഉത്തരവ്**

2018 ലെ പ്രളയത്തിൽ പാലക്കാട് ജില്ലയിൽ വീട്ടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 96,51,89,900/- രൂപ അനുവദിക്കുകയും ആയതിൽ 96,46,51,210 രൂപ വിവിധ താലൂക്ക് തഹസീൽദാർമാർക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്.

2. അനുവദിച്ച ധനസഹായത്തിന് പുറമെ 2018 ലെ പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള സഹായധനം താഴെപ്പറയും പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് തരണമെന്ന് സൂചന (2) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നു

| | |
|---|---|
| റീബിൽഡ് കേരള പ്രകാരം പൂർണ്ണമായും നാശനഷ്ടം ഉണ്ടായതും തുക അനുവദിക്കുന്നതിന് ബാക്കിയുള്ളതുമായ 159 വീട്ടുകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് | 3,44,00,000 |
| റീബിൽഡ് കേരള പ്രകാരം ഭാഗീക നാശനഷ്ടം ഉണ്ടായതും തുക അനുവദിക്കുന്നതിന് ബാക്കിയുള്ളതുമായ 93 വീട്ടുകൾക്ക് അനുവദിക്കുന്നതിന് | 1,66,00,000 |
| അപ്പീൽ പ്രകാരം പൂർണ്ണമായും നാശനഷ്ടം ഉണ്ടായതും തുക അനുവദിക്കുന്നതിന് ബാക്കിയുള്ളതുമായ 52 വീട്ടുകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് | 7,00,00,000 |
| അപ്പീൽ പ്രകാരം ഭാഗീക നാശനഷ്ടം ഉണ്ടായതും തുക അനുവദിക്കുന്നതിന് ബാക്കിയുള്ളതുമായ 142 വീട്ടുകൾക്ക് അനുവദിക്കുന്നതിന് | 79,00,000 |
| ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് (63) | 3,00,00,000 |
| ആകെ | 15,89,00,000 |

3. ജില്ലാ കളക്ടറുടെയും തഹസീൽദാർമാരുടെയും അക്കൗണ്ടിൽ 6 കോടി രൂപ നീക്കിയിരുപ്പുണ്ട്. ആയതിനാൽ ഇനി ആവശ്യമായി വരുന്ന **10,00,00,000/- (പത്ത് കോടി രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

4. വിതരണത്തിനാവശ്യമായിവരുന്ന **10,00,00,000/- (പത്ത് കോടി രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.